No. of Printed Pages : **6**

# 6803

Register Number | | | | | | | |

# Language — Part I — MALAYALAM — Paper I

(Poetry and Prose)

Time Allowed : 2½ Hours ] [ Maximum Marks : 100

**കുറിപ്പ് :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പു വരുത്തുന്നതിനുവേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടനെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുവാനും അടിവരയിടുവാനും കറുപ്പോ നീലയോ നിറത്തിലുള്ള മഷിമാത്രം ഉപയോഗിക്കുക. ചിത്രങ്ങൾ വരയ്ക്കുവാൻ പെൻസിൽ ഉപയോഗിക്കാം.

## എ - വിഭാഗം

**I.** (a) **ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **30x1=30**

**1.** ആരുടെ ചരിതം അറിയുവാനാണ് ഹനുമാൻ ലങ്കയിൽ പ്രവേശിച്ചത് ?

(a) സീതാദേവി (b) ലങ്കാലക്ഷ്മി (c) അഞ്ജന

**2.** 'മല്ലൂർക്കയമിനിചൊല്ലുമാത്രം, മല്ലുരെത്തേവർ തെരുവു ദൈവം'– ഇങ്ങനെ പാടിയ കവി :

(a) ജീ. ശങ്കരക്കുറുപ്പ് (b) എഴുത്തച്ഛൻ (c) ഇടശ്ശേരി

**3.** ''കൊല്ലിക്കയല്ലേ രസം നിനക്ക് '' ഇങ്ങനെ ചോദിച്ചത് ആരാണ് ?

(a) കുന്തിദേവി (b) ഗാന്ധാരി (c) പാഞ്ചാലി

**4.** സ്നേഹത്തിൻ ഫലം സ്നേഹം ജ്ഞാനത്തിൽ ഫലം ജ്ഞാനം ഇങ്ങനെ പാടിയ കവി :

(a) കുമാരനാശാൻ

(b) മേലൂർ ദാമോദരൻ

(c) ജീ.ശങ്കരക്കുറുപ്പ്

[ Turn over

(b) **ചേരുംപടി ചേർത്തെഴുതുക :**

5. ഭിക്ഷുവും ചണ്ഡാലിയും – വാഴപ്പഴം

6. കടമനിട്ട രാമകൃഷ്ണൻ – കുമാരനാശാൻ

7. നാളത്തെ വിഷുക്കണി – മകനോട്

8. വിജയലക്ഷ്മി – മേലൂർ ദാമോദരൻ

(c) **അർത്ഥമെഴുതുക.**

9. ഭഗിനി

10. വിതാനം

11. വൃന്ദം

12. വേപം

13. മാല്

(d) **ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

14. മൗസം എന്ന വാക്ക് ഏതു ഭാഷയിലുള്ളതാണ് ?
    (a) അറബി (b) ലാറ്റിൻ (c) സംസ്കൃതം

15. ആട്ടോ ബയോഗ്രാഫി എന്നറിയപ്പെടുന്ന സാഹിത്യശാഖ :
    (a) കല്പിതകഥ (b) ആത്മകഥ (c) നിരൂപണ സാഹിത്യം

16. മൂന്നു പണ്ഡിതൻമാരുടെ അടിവെച്ചുള്ള രംഗപ്രവേശം അനുസ്മരിപ്പിക്കുന്നത് :
    (a) വേലകളിക്കാരെ
    (b) കോൽകളിക്കാരെ
    (c) മരുന്ന് വിൽപ്പനക്കാരെ

17. ഇൻഡോ ആര്യൻ ഗോത്രത്തിൽപ്പെടുന്ന ഒരു ഭാഷ :

(a) മറാഠി (b) മലയാളം (c) ബ്രാഹുയി

(e) **ചേരുംപടി ചേർക്കുക.**

18. നാടോടി രംഗവേദി - വി.കെ. ജോസഫ്

19. ദാനത്തിൽ തെളിയുന്ന ശോഭ - വി.എസ്. അനിൽ കുമാർ

20. ഗുഡിയത്തിൽ ഒരു ഗുഹ - പി.കെ. ബാലകൃഷ്ണൻ

21. സിനിമ കാഴ്ചയും യാഥാർത്ഥ്യവും - വയലാ.വാസുദേവൻ പിള്ള

(f) **അർത്ഥമെഴുതുക.**

22. പവിത്രം

23. സ്ഫോടനം

24. അമരമന്ത്രം

25. ലൗകികം

26. വ്യഷ്ടി

(g) **വിപരീത പദമെഴുതുക.**

27. ശാസ്ത്രീയം

28. ധർമ്മം

29. ദൃശ്യം

30. മിഥ്യ

[ Turn over

## ബി - വിഭാഗം

**II. മൂന്നെണ്ണത്തിന് സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.** 3x4=12

31. ഉടൽ കടുകിനൊടു സമമിടത്തുകാൽ മുൻപിൽവ
ച്ചുള്ളിൽ കടപ്പാൻ തുടങ്ങും ദശാന്തരേ
കഠിനതരമലറിയൊരു രചനിചരി വേഷമായ്
ക്കാണായിതാശു ലങ്കാശ്രീയെയും തദാ

32. പുണ്യശാലിനി, നീ പകർന്നീടുമീ
ത്തണ്ണീർ തന്നുടെയോരോരോ തുള്ളിയും
അന്തമറ്റ സുകൃതഹാരങ്ങൾ നി
ന്നന്തരാത്മാവിലർപ്പിക്കുന്നുണ്ടാവാം

33. ഇനിയും നിളേ നീയിരച്ചു പൊന്തും
ഇനിയും തടം തല്ലിപ്പാഞ്ഞണയും
ചിരി വരുന്നുണ്ടതു ചിന്തിക്കുമ്പോ
ളിനി നിയ്യിപ്പാലത്തിൽ നാട്ടനൂഴും.

34. മകനെ, നീ നാട്ടുപൗരനാകാതൊരു
മനുഷ്യനായ്ത്തന്നെ വളരു
മകനെ, നീ വെറും മാന്യനാകാതിന്നു
മനുഷ്യന്റെ പച്ചയായ് ത്തീരൂ.

35. നിഷ്കളങ്കതേ, നിന്നെ
ക്കണ്ടു ഞാൻ എന്നും മഷി
യിട്ടു നോക്കുമെൻ വിഷ
ക്കണ്ണട വിറക്കുമ്പോൾ

**III. താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം പൂരിപ്പിക്കുക.** 1x10=10

36. അല്ലല്ലെന്തു..............................തരികതെനിക്കു നീ.

37. മഴയായ് മഞ്ഞായ്..........................കിട്ടുന്നതറിവീല.

**IV. മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും മൂന്നോ നാലോ വരിയിൽ കവിയരുത്.** 3x2=6

38. ഹനുമാൻ എങ്ങനെയാണ് ലങ്കയുടെ ഉള്ളിൽ കടക്കാൻ മുതിർന്നത് ?

39. എന്തിനാണ് ലോകം തന്നെ പുച്ഛിക്കുന്നതെന്നാണ് പൂവ് കരുതുന്നത് ?

40. ആരുടെയൊക്കെ ജഡങ്ങളാണ് രണഭൂമിയിൽ കണ്ടത് ?

41. മകനോട് എങ്ങനെയുള്ളവനായിത്തീരാനാണ് പറയുന്നത് ?

42. പിന്നെയും പാടാനെത്തി പണ്ടത്തെ വിഷുപക്ഷി. എപ്പോഴാണ് വിഷുപക്ഷി പാടാനെത്തിയത് ?

**V. രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.** 2x5=10

43. മാരുതി കണ്ട ലങ്ക കവി വർണ്ണിക്കുന്നതെങ്ങനെ ?

44. സ്നേഹത്തെക്കുറിച്ച് സൂര്യകാന്തിപ്പൂവ് പറയുന്നതെന്ത് ?

45. മാറുന്ന കാലപോക്കിൽ നാളത്തെ കണിത്തട്ടിലെന്തൊക്കെയുണ്ടാവാമെന്നാണ് കവി കരുതുന്നത് ?

**VI. ഒരു ചോദ്യത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.** 1x8=8

46. സ്നേഹത്തെക്കുറിച്ച് കവിയ്ക്കുള്ള വീക്ഷണം ഭിക്ഷുവും ചണ്ഡാലിയും എന്ന കാവ്യഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

47. കുറ്റിപ്പുറം പാലത്തിൽ കയറി നിന്നപ്പോൾ കവിക്കുണ്ടായ ചിന്തകൾ സംഗ്രഹിക്കുക.

48. ശുദ്ധമായ ഗ്രാമീണ സംസ്കാരത്തിലേക്കും ബാല്യസൗഹൃദത്തിലേയ്ക്കും വെളിച്ചം വീശുന്നതാണ് വിജയലക്ഷ്മിയുടെ വാഴപ്പഴം എന്ന കവിത. വിശദമാക്കുക.

**VII. മൂന്നു ചോദ്യത്തിന് ഉത്തരമെഴുതുക.** **3x2=6**

**49.** കാലാവസ്ഥ പ്രവചിക്കുന്ന ചൊല്ലുകളേതെല്ലാം ?

**50.** പ്രണമിച്ചു കിടന്ന കർണ്ണനെ സൂര്യൻ ആശീർവദിച്ചതെങ്ങനെ ?

**51.** നാടോടി എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

**52.** ഗുഡിയം സ്ഥിതി ചെയ്യുന്നതെവിടെ ?

**53.** തീയേറ്ററിലെ ഇരുട്ടിൽ സംഭവിക്കുന്നതെന്ത് ?

**VIII. രണ്ടു ചോദ്യങ്ങൾക്ക് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക.** **2x5=10**

**54.** ചെറുകഥ എന്ന സാഹിത്യരൂപത്തെക്കുറിച്ചെഴുതുക.

**55.** വിദൂഷകൻ നടത്തിയ ആയുധ പരീക്ഷ എപ്രകാരമായിരുന്നു ?

**56.** ഉത്തരേന്ത്യൻ ഭാഷകളെക്കുറിച്ചെഴുതുക.

**IX. ഒരു ചോദ്യത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **1x8=8**

**57.** ജീവൻ ബലികൊടുത്തും യശസ്സ് നേടാൻ കൊതിക്കുന്ന കർണ്ണനെന്ന ഇതിഹാസ കഥാപാത്രത്തെ നോവലിസ്റ്റ് അവതരിപ്പിക്കുന്നതെങ്ങനെ ?

**58.** ആദിമാനവൻ ജീവിച്ച ഗുഡിയം ഗുഹയുടെ സവിശേഷതകളെ കുറിച്ചെഴുതുക.

**59.** തമിഴ്-മലയാളങ്ങളിലെ സമാനപദങ്ങളെ താരതമ്യം ചെയ്തുകൊണ്ട് ലേഖകൻ ചൂണ്ടിക്കാണിക്കുന്ന വസ്തുതകളെന്തെല്ലാം ?

- o O o -